പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7063</u>      16/07/2012 ൽ മറുപടിയ്ക്ക്

## സ്കൂളുകളിലെ അടിസ്ഥാന സൗകര്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. ഡൊമനിക് പ്രസന്റേഷൻ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്കൂളുകളിലെ അടിസ്ഥാന സൗകര്യം വിലയിരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ; വിശദമാക്കുമോ ; | (എ) | സ്കൂളുകളിലെ അടിസ്ഥാനസൗകര്യങ്ങൾ വിലയിരുത്താൻ നിലവിൽ സംവിധാനങ്ങൾ ഒന്നുമില്ല. എന്നാൽ ബഹു: കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലേയും അടിസ്ഥാനസൗകര്യങ്ങൾ വിലയിരുത്തുവാൻ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) സൗകര്യങ്ങൾ വിലയിരുത്തുന്നതിന് ആർക്കാണ് അധികാരം നൽകിയിരിക്കുന്നത് ; | (ബി) | സൗകര്യങ്ങൾ വിലയിരുത്തുവാൻ വിദ്യാഭ്യാസവകുപ്പ് ആർക്കും അധികാരം നൽകിയിട്ടില്ല. എന്നാൽ ബഹു: കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും സ്കൂൾ സന്ദർശനവേളകളിൽ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) അടിസ്ഥാന സൗകര്യങ്ങളിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; | (സി) | ടോയ്‌ലറ്റ്, യൂറിനൽ, കുടിവെള്ള ലഭ്യത എന്നിവയാണ് അടിസ്ഥാന സൗകര്യങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

| | |
|---|---|
| ഡി) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം സാമ്പത്തിക സ്രോതസ്സുകളാണ് കണ്ടെത്താനുദ്ദേശിക്കുന്നത് ? | (ഡി) അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പി.ടി.എ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എം.പി/എം.എൽ.എ ഫണ്ടുകൾ, എസ്സ്.എസ്സ്.എ, ആർ.എം.എസ്സ്.എ., ശുചിത്വമിഷൻ തുടങ്ങിയവയുടെ ഫണ്ടുകൾ എന്നിവ ഉപയോഗിക്കുന്നുണ്ട്. |

Sijukumar W

സെക്ഷൻ ഓഫീസർ